ഉത്തരം

(എ) – (സി) പുതിയ നിബന്ധനകൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) & (ഇ) 4-6-2005-ന് കണ്ണൂർ സെൻട്രൽ ജയിലിൽ തടവുകാരെ സന്ദർശിക്കാൻ വന്ന നിയമസഭാ സാമാജികനും മറ്റ് ജനപ്രതിനിധികൾക്കും സന്ദർശനം നിഷേധിച്ചിട്ടില്ല. എന്നാൽ ചട്ടം മറികടന്ന് എല്ലാവർക്കും ഒരേ സമയം തടവുകാരെ സന്ദർശിക്കുന്നതിനുള്ള അനുമതി നിഷേധിച്ചതിൻമേൽ ലഭിച്ച പരാതിയെപ്പറ്റി അന്വേഷിച്ചുവരുന്നു.

(എഫ്) അപ്രകാരമുള്ള ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. നിലവിലുള്ള ചട്ടം പാലിക്കുകയേ ചെയ്തിട്ടുള്ളൂ.

വെടിവച്ചതിനുശേഷം പണം തട്ടിയെടുക്കാൻ ശ്രമിച്ച കേസ്

28 [84] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലെ വില്യാപ്പള്ളിയിൽ അനിൽകുമാർ, അൻവർ എന്നിവരെ വെടിവച്ച് പണം തട്ടിയെടുക്കാൻ ശ്രമിച്ച കേസിന്റെ സ്ഥിതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വെടിയേറ്റവരുടെ കുടുംബത്തിനും നാട്ടുകാർക്കും ഉള്ള വിഷമതകൾ പരിഹരിക്കാൻ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് വടകര പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 700/2001 കേസിൽ രണ്ടാം പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും കോടതിയിൽനിന്നും ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്. ഒന്നാം പ്രതി വിദേശത്തായതിനാൽ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. മൂന്നാം പ്രതിയെ തിരിച്ചറിഞ്ഞിട്ടില്ല. കേസ് അന്വേഷണം തുടർന്നുവരികയാണ്.

(ബി) ടി കേസിൽ അറസ്റ്റ് ചെയ്യാനുള്ള പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

രജനി എസ്. ആനന്ദ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യ

29 [97] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് രജനി എസ്. ആനന്ദ് എന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥിനിയുടെ ആത്മഹത്യയെക്കുറിച്ച് അന്വേഷിക്കുന്നതിന് ഈ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ച ജുഡീഷ്യൽ അന്വേഷണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) അന്വേഷണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ട വിഷയങ്ങൾ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അവ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് കമ്മീഷനെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സംഭവത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അടൂർ IHRD എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് അന്വേഷണക്കമ്മീഷനായി റിട്ടയേർഡ് ജില്ലാ ജഡ്ജി ശ്രീ. സി. ഖാലിദിനെ 23-12-2004-ലെ വിജ്ഞാപനപ്രകാരം നിയമിച്ചു. കമ്മീഷന്റെ അന്വേഷണം നടന്നുവരുന്നു.

(ബി) ഉണ്ട്. അന്വേഷണ വിഷയങ്ങൾ ചുവടെ ചേർക്കുന്നു:

(1) അടൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനി രജനി എസ്. ആനന്ദ് ആത്മഹത്യ ചെയ്യാനുണ്ടായ സാഹചര്യങ്ങൾ;

(2) ഈ വിദ്യാർത്ഥിനിയുടെ അപേക്ഷകളിന്മേൽ/ആവശ്യങ്ങളിന്മേൽ നടപടികൾ സ്വീകരിക്കുന്നതിൽ കോളേജ് അധികാരികൾ/ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്/ബാങ്കുകൾ എന്നിവരുടെ ഭാഗത്തുനിന്നുണ്ടായ പ്രതികരണങ്ങൾ, ആ പ്രതികരണങ്ങളുടെ സ്വീകാര്യത;

(3) അനുബന്ധമായ മറ്റു കാര്യങ്ങൾ;

(4) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുതകുന്നതും ഈ അന്വേഷണത്തിൽ നിന്നുരുത്തിരിഞ്ഞുവരുന്നതുമായ കാര്യങ്ങൾ.

(സി) ഉണ്ട്. ഉത്തരം (എ) കൂടി കാണുക.

(ഡി) ഉണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നു. രജനിയുടെ മരണം ആത്മഹത്യയായിരുന്നുവെന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ട്. എന്നാൽ രജനിയുടെ ആത്മഹത്യയ്ക്ക് ഇടയായ സാഹചര്യത്തിൽ അടൂർ ഐ.എച്ച്.ആർ.ഡി.

LIBRARY ARCHIVES Kerala Legislative Assembly

എഞ്ചിനീയറിംഗ് കോളേജ് അധികൃതരുടെ ഭാഗത്തുനിന്നും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഭാഗത്തുനിന്നും ഏതെങ്കിലും തരത്തിലുള്ള വീഴ്ച ഉണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടില്ല.

ജില്ലാ ആംഡ് റിസർവ്വ് വിഭാഗത്തിലുള്ള അസിസ്റ്റന്റ് കമാന്റഡുമാരുടെ സ്ഥലംമാറ്റവും നിയമനവും

30 [99] *ശ്രീ. സ്റ്റീഫൻ ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ജില്ലാ ആംഡ് റിസർവ്വ് വിഭാഗത്തിലുള്ള അസിസ്റ്റന്റ് കമാന്റഡുമാരുടെ സ്ഥലംമാറ്റവും നിയമനവും ആരുടെ നിയന്ത്രണത്തിലാണെന്ന് അറിയിക്കുമോ;

(ബി) സർക്കാർ സ്ഥലംമാറ്റി നിയമിക്കുന്ന ജില്ലാ ആംഡ് റിസർവ്വിലെ ചില അസിസ്റ്റന്റ് കമാന്റഡുമാർ സർക്കാർ അറിയാതെ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും അവർ എവിടെയാണ് ജോലി ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) ഇതുതടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അസിസ്റ്റന്റ് കമാന്റഡുമാരുടെ സ്ഥലംമാറ്റവും നിയമനവും സർക്കാരിന്റെ നിയന്ത്രണത്തിലാണ്.

(ബി) – (ഡി) എസ്.സി.ആർ.ബി.-യിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ മോഡ്യൂൾസ് ഡെവലപ്പ് ചെയ്യുന്നതിന് പരിചയം സിദ്ധിച്ച ഒരു ആഫീസറെ ആവശ്യമാണെന്ന് പോലീസ് ഐ.ജി. (എസ്.സി.ആർ.ബി.) ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ സയൻസിൽ ഡിഗ്രിയും നിരവധി കമ്പ്യൂട്ടർ കോഴ്സുകളിൽ പങ്കെടുത്തിട്ടുള്ള വ്യക്തിയുമായ ശ്രീ. എം. ആർ. നന്ദകുമാർ, അസിസ്റ്റന്റ് കമാൻഡന്റിനെ ഒരു വർഷത്തെ വർക്കിംഗ് അറേഞ്ച്മെന്റിൽ കമ്പ്യൂട്ടർ സോഫ്റ്റ്വെയർ മോഡ്യൂൾസ് ഡെവലപ്പ് ചെയ്യുന്നതിനായി എസ്.സി.ആർ.ബി.-യിൽ അറ്റാച്ച് ചെയ്തിട്ടുണ്ട്.

കൊയിലാണ്ടി കോടതിയിലെ അഭിഭാഷകനായ ശ്രീ. വിനോദ് കുമാറിനെ പോലീസ് കൊണ്ടുപോയ സംഭവം

31 [100] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി കോടതിയിലെ അഭിഭാഷകനായ ശ്രീ. വിനോദ് കുമാറിനെ 7-6-2005-ന് അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നും ബലമായി പോലീസ് ജീപ്പിൽ കൊണ്ടുപോകാൻ കാരണമെന്താണെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly